പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1992 | 17.06.2014-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി. യുടെ കമ്പനിവത്ക്കരണം

ചോദ്യം

ശ്രീ. സി. ദിവാകരൻ :

(എ) കെ. എസ്. ഇ. ബി. കമ്പനിവത്ക്കരണ നടപടികളുടെ ഭാഗമായി ഉണ്ടായിരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശങ്കകൾ അകറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) ഇലക്ട്രിസിറ്റി ആക്ട്, 2003 ൽ നിലവിലുള്ള ഇലക്ട്രിസിറ്റി ബോർഡുകളെ പുന:സംഘടിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇലക്ട്രിസിറ്റി ആക്ട്, 2003 അനുശാസിക്കുന്ന പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ചും സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കാൻ കേരള സർക്കാർ 2008 ൽ തന്നെ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് കെ.എസ്.ഇ.ബി യുടെ മുഴുവൻ ആസ്തി-ബാധ്യതകളും സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 2008 സെപ്തംബർ 25-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

കെ.എസ്.ഇ.ബി യുടെ പുന:സംഘടനയ്ക്കുള്ള പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ പി.എഫ്.സി കൺസൾട്ടിംഗ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അവർ തയ്യാറാക്കിത്തന്ന കൈമാറ്റ പദ്ധതി സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ വിശദമായ പരിശോധനകൾക്ക് വിധേയമാക്കി. ഇക്കാര്യങ്ങളെ സംബന്ധിച്ച് ജീവനക്കാർക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി ജീവനക്കാരുടെ സംഘടനകളുമായി ബോർഡുതലത്തിലും വൈദ്യുതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും പല ഘട്ടങ്ങളിലായി ചർച്ചകൾ നടത്തുകയുണ്ടായി. അതിന്റെയൊക്കെ അടിസ്ഥാനത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതി

ബോർഡ് പുന:സംഘടിപ്പിക്കുന്നതിന് സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകളുടെ മാതൃകകൾ കൂടി പരിഗണിച്ചമാണ് കെ.എസ്.ഇ.ബി യുടെ ആസ്തി ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി കൊണ്ട് 2013 ഒക്ടോബർ മാസം 31 - ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ വിജ്ഞാപനത്തിലെ കൈമാറ്റ പദ്ധതി, "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്), 2013" എന്നാണ് അറിയപ്പെടുക. ബോർഡിന്റെ ആസ്തിബാധ്യതകൾ പുന:ക്രമീകരിക്കുന്നതിനും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഈ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘടനകളുടെ ആവശ്യം പരിഗണിച്ചും ഗവൺമെന്റ് തലത്തിൽ സംഘടനകളുമായി നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിലും ചില മാറ്റങ്ങൾ വരുത്തി രണ്ടാം കൈമാറ്റ പദ്ധതിയുടെ രണ്ടു ഭേദഗതിവിജ്ഞാപനങ്ങൾ 11.04.2014 ലും 27-05-2014-ലും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ട്രാൻസ്ഫർ സ്കീം നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു സുപ്രധാന പ്രശ്നം ബോർഡ് ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. കെ.എസ്.ഇ.ബി – യിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ സമ്പ്രദായം നിലവിലുണ്ടായിരുന്നതുപോലെ തുടരുന്നതാണ്. പെൻഷൻ വിതരണത്തിനായി ഭദ്രതയുള്ള ഒരു സംവിധാനം ഉറപ്പുവരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ കൈമാറ്റ പദ്ധതിയിൽ

ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനായി ഒരു മാസ്റ്റർ ട്രസ്റ്റും പ്രത്യേക ഫണ്ടും ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ ബാദ്ധ്യതാതുക ട്രാൻസ്ഫർ സ്കീമിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി, പുതിയ കമ്പനിയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ കൈമാറ്റപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2011 സെപ്റ്റംബർ 30 അടിസ്ഥാനമാക്കി പെൻഷൻബാധ്യത പുനർനിർണയം ചെയ്ത് 7584 കോടി രൂപയുടെ ബാദ്ധ്യത തിട്ടപ്പെടുത്തി കൈമാറ്റ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. ഈ ബാദ്ധ്യത ഏറ്റെടുത്ത് പെൻഷൻ വിതരണം നടത്തുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും ബാദ്ധ്യതയ്ക്ക് തുല്യമായ തുകയ്ക്കുള്ള ബോണ്ട് (bond) കമ്പനി ഇഷ്യൂ ചെയ്യുന്നതിനും ഈ ബോണ്ട് മുഴുവനായും പുതുതായി രൂപീകരിയ്ക്കുന്ന ട്രസ്റ്റ് സബ്സ്ക്രൈബ് ചെയ്യുന്നതിനും ഒരോ വർഷവും ബോണ്ടിന്റെ പലിശയും മുതലിലുള്ള തിരിച്ചടവും കൂടാതെ ഒരോ വർഷത്തെയും പെൻഷൻ ബാദ്ധ്യതയും കോൺട്രിബ്യൂഷനായി ട്രസ്റ്റ് ഫണ്ടിൽ ചേർക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി, പെൻഷൻ വിതരണം മുടക്കം കൂടാതെ നടത്തുന്നതിന് സാധിക്കും.

ഇലക്ട്രിസിറ്റി ആക്ട്, 2003 ജീവനക്കാർക്ക് നൽകുന്ന എല്ലാ പരിരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടു തന്നെയാണ് 31.10.2013 ലെ റീവെസ്റ്റിംഗ് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. 2003 ലെ വൈദ്യുതി നിയമത്തിന്റെ 133,134 വകുപ്പുകൾ പ്രകാരം നിലവിലുള്ള ജീവനക്കാരെ പുതിയ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ രണ്ടാം കൈമാറ്റ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ ഒട്ടുംകുറവുവരാതെ അവ സംരക്ഷിക്കണമെന്ന വൈദ്യുതി നിയമത്തിലെ നിർദ്ദേശങ്ങളനുസരിച്ചാണ് കൈമാറ്റ പദ്ധതിയിലെ

വ്യവസ്ഥകളും തയ്യാറാക്കി യിട്ടുള്ളത്. എന്നാൽ 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് "ന്യൂ പെൻഷൻ സ്കീം" ആണ് ബാധകമാക്കിയിട്ടുള്ളത്. ബോർഡിലും ഈ സമ്പ്രദായം നടപ്പിലാക്കാൻ നേരത്തേതന്നെ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംഘടനാപ്രതിനിധികളും രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളു മായി ഈ വിഷയത്തിൽ ചർച്ച കൾ നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ ചർച്ചയ്ക്ക് തയ്യാറാകുമോ ?

(ബി) കൈമാറ്റ പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ജീവനക്കാരുടെ ആശങ്കൾ ദൂരീകരിക്കുന്നതിനും കരടുകൈമാറ്റ പദ്ധതിയും ത്രികക്ഷി കരാറും മറ്റ് അനുബന്ധങ്ങളും കെ.എസ്.ഇ.ബി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ജീവനക്കാരുടെ സംഘടനകളിൽ നിന്നും ഇവയെ സംബന്ധിച്ച അഭിപ്രായം ആരായുകയും ചെയ്തു. ജീവനക്കാരുടെ സംഘടനകളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ജീവനക്കാരുടെ ആശങ്കൾ ദൂരീകരിക്കുന്നതിന് കരട് കൈമാറ്റ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ പലഘട്ടങ്ങളിലായി വരുത്തിയിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തെ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ചർച്ചകൾ നടത്തുകയുമുണ്ടായി.

ഇതിനുപുറമെ, ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് സർക്കാരും കമ്പനിയും ജീവനക്കാരുടെ സംഘടനകളുമായി ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതാണ്. ഈ ത്രികക്ഷിക്കരാർ 11-04-2014-ലെ രണ്ടാം കൈമാറ്റ (ഭേദഗതി) പദ്ധതി വിജ്ഞാപനത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.